# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2183** **05.12.2018-ൽ മറുപടിക്ക്**

## ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) എൻ.എച്ച്.എം മുഖേന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ നിയോഗിക്കുന്ന ഡോക്ടർമാർ ചുമതല ഏറ്റെടുക്കാതെ വിസമ്മതം അറിയിക്കുന്നതും ലീവ് എടുക്കുന്നതുമായ പ്രവണത നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) എൻ.എച്ച്.എം മുഖേന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ നിയോഗിച്ചിരിക്കുന്ന ഡോക്ടർമാർ ചുമതല ഏറ്റെടുക്കാതെ വിസമ്മതം അറിയിക്കുന്ന പ്രവണത പൊതുവിൽ കണ്ടുവരാറില്ല. എന്നിരുന്നാലും ചില ജില്ലകളിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം നടത്തി ഈ പ്രവണത ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എൻ.എച്ച്.എം മുഖേന നിയമിക്കുന്ന ഡോക്ടർമാർക്ക് ബോണ്ട് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) യും (സി) യും നിലവിൽ പരിഗണനയില്ല |
| (സി) സർക്കാർ, സ്വകാര്യ മേഖല എന്നീ വ്യത്യാസമില്ലാതെ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിർബന്ധിത ഗ്രാമീണ സേവനം നിഷ്കർഷിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**